<u>പതിമൂന്നാം കേരള നിയമസഭ</u>

<u>10-ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4054</u> <u>03/02/14-ൽ മറുപടിയ്ക്ക്</u>

## <u>ആരോഗ്യ വകുപ്പിലെ ദന്തൽ ഹൈജീനിസ്റ്റുകളുടെ സേവനം</u>

| ചോദ്യം | | <u>ഉത്തരം</u> | |
|---|---|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ | | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിലെ ദന്തൽ ഹൈജീനിസ്റ്റുകളുടെ സേവനം കൂടുതൽ ജനോപകാര പ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒരു ദന്തൽ സർജനും ഒരു ദന്തൽ ഹൈജീനിസ്റ്റും ഉൾപ്പെട്ട 106 ദന്തൽ ക്ലീനിക്കുകളാണ് നിലവിലുള്ളത്. ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നോംസ് പ്രകാരമാണ് ഇപ്പോൾ ദന്തൽ ഹൈജീനിസ്റ്റുകളുടെ ഡ്യൂട്ടീസ് ആന്റ് റസ്പോൺസബിലിറ്റീസ് നിശ്ചയിച്ചിട്ടുള്ളത്. ഈ വിഭാഗത്തിന്റെ സേവന വ്യവസ്ഥകളിൽ ഭേദഗതി വരുത്തണമെങ്കിൽ ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതി വാങ്ങി മാത്രമേ പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളു. |
| (ബി) | പുകയില, പാൻമസാല ഉത്പന്നങ്ങളുടെ ഉപഭോഗത്തിന് എതിരെയുള്ള ബോധവത്ക്കരണ ചുമതല ദന്തൽ ഹൈജീനിസ്റ്റുകളെ ഏല്പ്പിക്കുമോ; | (ബി) | ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിലവിലുള്ള നോംസ് അനുസരിച്ച് പുകയില, പാൻമസാല തുടങ്ങിയ ഉൽപന്നങ്ങളുടെ ഉപയോഗത്തിന് എതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങളുടെ ചുമതല ദന്തൽ സർജൻസിനാണ് നൽകിയിട്ടുള്ളത്. ദന്തൽ ഹൈജീനിസ്റ്റുകളെ മാത്രമായി ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല ഏൽപ്പിക്കുന്നതിന് ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതി ആവശ്യമാണ്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ക്രമാതീതമായ് വർദ്ധിക്കുന്ന ദന്തരോഗങ്ങൾക്ക് എതിരെ ആരോഗ്യ വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന ദന്തൽ ഹൈജീനിസ്റ്റുകൾ 2012-13 വർഷത്തിൽ എത്ര ഫീൽഡ് തല ബോധവത്ക്കരണ ക്ലാസുകൾ നടത്തി? | (സി) | 2012-13 വർഷത്തിൽ 80 സ്കൂൾ ദന്തൽ ക്യാമ്പുകൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി സംഘടിപ്പിച്ച് ദന്ത ശുചീകരണ ബോധവത്ക്കരണ ക്ലാസുകൾ നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ.